8. വിധവകൾക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് നൽകുന്നതിന് സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള കരട് ഭേഗതി വിജ്ഞാപനം പുറപ്പെടുവിച്ചു.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ബ്രാഞ്ചുകൾ

58 (5863) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് തിരുവനന്തപുരം ജില്ലയിൽ പുതിയതായി എവിടെയെല്ലാമാണ് ബ്രാഞ്ചുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അവ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ;

(ബി) നഗരൂർ, പോങ്ങനാട് ഠൗണുകളിൽ ജില്ല സഹകരണ ബാങ്കിന്റെ ശാഖ തുടങ്ങുവാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വട്ടപ്പാറ, പേരൂർക്കട, മെഡിക്കൽ കോളേജ്, കടപ്പനക്കുന്ന്, കമുകിൻകോട്, അരുവിക്കര, തമ്പാനൂർ (വനിതാ ശാഖ), കണിയാപുരം, പുളിമൂട്, കാഞ്ഞിരംകുളം (ഈവനിംഗ്), നഗരൂർ എന്നിവിടങ്ങളിൽ ശാഖ തുടങ്ങുന്നതിന് തീരുമാനം എടുത്ത് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. അനുവാദം നൽകിയ ശാഖകളായ ജഗതി രണ്ട് മാസത്തിനകവും ഒറ്റശേഖരമംഗലം, കുന്നത്തുകാൽ, ആലംകോട് എന്നീ ശാഖകൾ 5 മാസത്തിനകവും ആരംഭിക്കുമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(ബി) നഗരൂർ ശാഖ ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി ബാങ്ക് അപേക്ഷ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. പോങ്ങനാട് ഠൗണിൽ ശാഖ ആരംഭിക്കുന്നതിന് ബാങ്ക് തീരുമാനിച്ചിട്ടില്ല.

അപ്രൈസർമാരുടെ സേവന-വേതന വ്യവസ്ഥകൾ

59 (5864) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിലെ അപ്രൈസർമാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ നിയമിച്ച സുരേഷ് ബാബു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly